**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3833. 17.12.2015 ൽ മറുപടിയ്ക്ക്.**

**കാഞ്ഞങ്ങാട്കാസർകോട് നാഷണൽ ഹൈവേയിലെ യാത്രാ പ്രശ്നം**

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് മംഗലാപുരം നോട്ടിഫൈഡ് റൂട്ടിൽ ഉൾപ്പെട്ട കാഞ്ഞങ്ങാട് – കാസർകോട് നാഷണൽ ഹൈവേ വഴിയുള്ള യാത്രാപ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത റൂട്ടിൽ ഫ്ലീറ്റ് ഓണർ വ്യവസ്ഥപ്രകാരം ഏറ്റെടുത്ത ബസ്സുകളിൽ എത്ര എണ്ണം സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | കാസർഗോഡ് ഡിപ്പോയിൽ നിന്നും 5 ഉം ഗുരുവായൂർ, കോഴിക്കോട്, കണ്ണൂർ, തലശ്ശേരി എന്നീ ഡിപ്പോകളിൽ നിന്നും ഓരോ സർവ്വീസ് വീതവും നടത്തുന്നുണ്ട്. |
| (സി) | സൂപ്പർ ഫാസ്റ്റ് – ലിമിറ്റഡ് സ്റ്റോപ്പ് എന്ന പേരിലുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് മുഴുവൻ ലിമിറ്റഡ് സ്റ്റോപ്പുകളിലും സ്റ്റോപ്പ് അനുവദിക്കുന്നതിന് തടസ്സമുണ്ടോ ; എങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ; | (സി) | ഉണ്ട്. സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ നടത്തിവരുന്നത് കുറച്ച് സമയത്തിനുള്ളിൽ കൂടുതൽ യാത്ര ചെയ്യുന്ന യാത്രക്കാരെ ഉദ്ദേശിച്ചാണ്. ആയതിനാൽ അത്തരം സർവ്വീസുകൾക്ക് നിലവിലുള്ളതിൽ കൂടുതൽ സ്റ്റോപ്പ് അനുവദിച്ചാൽ അവ ദീർഘദൂര യാത്രക്കാർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കും. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത റൂട്ട് നോട്ടിഫൈഡ് റൂട്ടായതിനാൽ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ലിമിറ്റഡ്, ഓർഡിനറി സർവ്വീസുകൾ കൂടുതലായി ആരംഭിക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ? | (ഡി) | ബസ്സിൻറെ ലഭ്യതക്കുറവുണ്ട്. ബസ്സുകൾ ലഭ്യമാകുന്ന മുറക്കും സർവ്വീസുകളുടെ സാമ്പത്തിക വശം കൂടി കണക്കിലെടുത്തും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി.ക്ക പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.